प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ജൂലൈ 5, 2019

**1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A, പ്രകാരമുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ-മഹാരാഷ്ട്ര കോലാപ്പൂരിലെ യൂത്ത് ഡവലപ്പ്മെൻറ് സഹകരണ ബാങ്ക് ലിമിറ്റഡ്**

മഹാരാഷ്ട്ര കോലാപ്പൂരിലെ യൂത്ത് ഡവലപ്മെന്റ് സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ 2019 ജനുവരി 4-ലെ ആർബിഐ ഉത്തരവിൻപ്രകാരം, പുനരവലോകനത്തിനുവിധേയമായി, 2019 ജനുവരി 5-ന് ബിസിനസ്സ് സമയം അവസാനിച്ചതു മുതൽ, 2019 ജൂലൈ 5 വരെ സാധുതയുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ, പുറപ്പെടുവിച്ചിരുന്നു.

പൊതുജനങ്ങളുടെ അറിവിലേക്കായി പ്രഖ്യാപിക്കുന്നതെന്തെന്നാൽ 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35A, സബ്സെക്ഷൻ (1), ഒപ്പം സെക്ഷൻ 56 എന്നിവ പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ച്, 2019 ജൂലൈ 2-ന് പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം, 2019 ജനുവരി 4-ന് പുറപ്പെടുവിച്ചതും, 2019 ജൂലൈ 5 വരെ സാധുതയുണ്ടായിരുന്നതുമായ നിയന്ത്രണ നിർദ്ദേശങ്ങൾ, 2019 ജൂലൈ 6 മുതൽ 2020 ജനുവരി 5 വരെ ആറുമാസത്തേക്കുകൂടി ബാധകമായിരിക്കുമെന്നാണ്.

മുകളിൽ പരാമർശിക്കപ്പെട്ട ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരും. ഈ ദീർഘിപ്പിക്കൽ പ്രതിപാദിക്കുന്ന 2019 ജൂലൈ 2-ലെ ഉത്തരവിന്റെ കോപ്പി, പൊതുജനങ്ങൾ വായിച്ചറിയു വാനായി, ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞിരിക്കുന്ന, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ വരുത്തിയിട്ടുള്ള ദീർഘിപ്പിക്കലിനെയോ ഭേദഗതിയെയോ സഹകരണബാങ്കിന്റെ സാമ്പത്തിക സ്ഥിതിയിൽ കാര്യമായ മെച്ചപ്പെടൽ ഉണ്ടായതായി റിസർവ് ബാങ്കിനു ബോദ്ധ്യം വന്നതിനാലാണെന്നു കരുതേണ്ടതില്ല.

**യോഗേഷ് ദയാൽ**
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2019-2020/70**